ശ്രീ. എം. നാരായണക്കുറുപ്പ് : ഹൈക്കോടതി ജസ്റ്റിമാരായി പുറ രാജ്യത്തുനിന്നും ആളുകളെ നിയമിക്കുന്നതിനെപ്പറ്റി കേന്ദ്രഗവണ്മെന്റ് ഈ ഗവണ്മെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : രേഖാമൂലമായി ഇതിനെപ്പറ്റി അഭി പ്രായം ആരാഞ്ഞിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ഒരിക്കൽ നാഷനൽ ഡവലപ്പ് മെന്റ് കൗൺസിൽ കൂടിയപ്പോൾ, എല്ലാ സംസ്ഥാന ഹോം മിനിസ്റ്റേഴ്സിനെയും, ചീഫ് മിനിസ്റ്റേഴ്സിനെയും ഉൾപ്പെടുത്തിയ ഒരു കാൺഫറൻസിൽ ഈ കാര്യം ചർച്ചചെയ്തതായിട്ടറിയാം. കാരണം ഞാൻ അന്ന് അവിടെയുണ്ടായിരുന്നു.

കളപ്പെട്ടി ലോകസേവാശ്രമത്തിനു കൊടുത്ത സംഖ്യ.

* 1455. [12] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പാലക്കാട്ടു ജില്ലയിൽ കളപ്പെട്ടി ലോകസേവാശ്രമത്തിനു ഖാദി കമ്മിഷൻ ലോൺ വകയിലും, സബ്സിഡി വകയിലും എത്ര സംഖ്യ കൊടുത്തിരുന്നു;

(ബി) ഏതെല്ലാം ഇനങ്ങൾക്കുവേണ്ടി ;

(സി) ആ വകയിൽ എന്തെല്ലാം ഇന്നവിടെ നിലനിൽക്കുന്നുണ്ട് ;

(ഡി) ലോൺവല്ലതും തിരിയെ ഈടാക്കിയിട്ടുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ): (എ to ഡി) പാലക്കാട്ടുജില്ലയിൽ കളപ്പെട്ടി ലോകസേവാശ്രമത്തിനു ലോണും, സബ്സിഡിയും കൊടുത്തിട്ടുള്ള തുകയുടെ വിവരം ഖാദികമ്മിഷനിൽ നിന്നും കിട്ടിയിട്ടില്ല. വിശദവിവരങ്ങൾക്കു ഖാദികമ്മിഷനു എഴുതിയിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ : വളരെയധികം തുക ലോണായിട്ടും, സബ്സിഡിയായിട്ടും വാങ്ങിയിട്ടുള്ള ഈ സ്ഥാപനത്തിൽ ഇന്നു യാതൊരു സാധനങ്ങളും നിലവിലില്ല എന്നു കേൾക്കുന്നതു ശരിയാണോ ?

ശ്രീ. കെ. പി ഗോപാലൻ : അതിനെപ്പറ്റി അന്വേഷിച്ചിട്ടേ പറയാൻ നിവൃത്തിയുള്ളൂ.

ഖാദിയും ഗ്രാമവ്യവസായവും സഹകരണസംഘവും പ്രസിഡന്റിന്റെ പേരിലുള്ള പണാപഹരണക്കേസും.

* 1456. [14] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ കീഴിൽ സംഘടിപ്പിക്കപ്പെട്ടിരുന്ന വ്യവസായസഹകരണസംഘങ്ങളെ വ്യവസായ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ മാറ്റിയോ; എങ്കിൽ എന്നുമുതൽക്ക് ;

(ബി) പ്രസ്തുത തീയതിക്കുശേഷം ഖാദിയും ഗ്രാമവ്യവസായങ്ങളും നടത്തുന്ന സഹകരണസംഘങ്ങളിലുണ്ടാകുന്ന കേസുകളും, ഹിയറിംഗ് കേട്ടു തീരുമാനിക്കുവാനുള്ള അതാറിട്ടി ഏതുദ്യോഗസ്ഥനാണ് ; ഈ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്മേൽ അപ്പീൽ കേൾക്കാനുള്ള ഉദ്യോഗസ്ഥൻ ആരാണ് ;

LIBRARY ARCHIVES Kerala Legislative Assembly